# UP SCHOOL
# OTHERA

# അക്കാദമിക്
# മാസ്റ്റർ പ്ലാൻ

## 2025-2026

# ഉള്ളടക്കം


1. അടിസ്ഥാന വിവരങ്ങൾ
2. അധ്യാപകരും വിവരങ്ങളും
3. കുട്ടികളുടെ എണ്ണം
4. ആമുഖം
5. ലക്ഷ്യങ്ങൾ
6. വിദ്യാലയം മികവിന്റെ കേന്ദ്രം
7. പദ്ധതി രൂപീകരണ പ്രക്രിയ
8. നിലവിലെ അവസ്ഥ വിശകലനം
9. മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
10. പഠനപിന്തുണ പ്രവർത്തനങ്ങൾ 2025-2026
11. സ്കൂൾ കലണ്ടർ

12 പ്രതീക്ഷിത നേട്ടങ്ങൾ

13. മോണിട്ടറിംഗ്
14. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

(വിദ്യാലയത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന വസ്തുതകളാണ് ഇതിലുള്ളത്.)

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | യു.പി.എസ്. ഓതറ |
| | വിലാസം | : | ഓതറ വെസ്റ്റ്<br>ഓതറ - 689 551 |
| 2. | സ്കൂൾ കോഡ് | : | 37344 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : | പുല്ലാട് |
| 4. | വിദ്യാഭ്യാസ ജില്ല | : | പത്തനംതിട്ട |
| 5. | റവന്യു ജില്ല | : | പുല്ലാട് |
| 6. | ബി.ആർ.സി. | : | പുല്ലാട് |
| 7. | സി.ആർ.സി. | : | കുറ്റൂർ |
| 8. | ഗ്രാമപഞ്ചായത്ത് | : | കുറ്റൂർ |
| 9. | ബ്ലോക്ക് പഞ്ചായത്ത് | : | പുളിക്കീഴ് |
| 10. | ജില്ലാ പഞ്ചായത്ത് | : | പത്തനംതിട്ട |
| 11. | നിയമസഭാമണ്ഡലം | : | തിരുവല്ല |
| 12. | ലോക്സഭാമണ്ഡലം | : | പത്തനംതിട്ട |
| 13. | താലൂക്ക് | : | തിരുവല്ല |
| 14. | വില്ലേജ് | : | കുറ്റൂർ |
| 15. | ഇ-മെയിൽ | : | upsothera@gmail.com |

# അധ്യാപകരും വിവരങ്ങളും

## 2025–2026

| അധ്യാപകന്റെ പേര് | സബ്ജക്ട് കൗൺസിൽ | ക്ലബ്ബ് ചുമതല |
|---|---|---|
| സാറാമ്മ ചാക്കോ (എച്ച്എം) | സയൻസ് | സയൻസ് |
| അനീഷ് വി. ചെറിയാൻ | മലയാളം, എസ്.എസ്. | വിദ്യാരംഗം |
| ജെസ്മി സ്കറിയ | ഇംഗ്ലീഷ്, ഗണിതം | ഇക്കോ ക്ലബ്ബ്, എസ്ആർജി |
| എൽസി ഏയ്ഞ്ചൽ | ഹിന്ദി | ഹിന്ദി ക്ലബ്ബ്, ലൈബ്രറി |

Sheet

BRC Pulled

## Sixth Working Day Strength 2025-26

Name of HM: SARAMMA CHACKO

Name of School: UP SCHOOL, OTHERA

Panchayath: KUTTOOR

| Class | I | | | II | | | III | | | IV | | | V | | | VI | | | VII | | | VIII | | | IX | | | X | | | XI | | | XII | | | Total | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ...ndec | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T |
| ...al Students | | | | | | | | | | | | | 8 | 2 | 10 | 8 | 8 | 17 | 13 | 8 | 21 | | | | | | | | | | | | | | | | 29 | 10 | 48 |
| ...w Admission | | | | | | | | | | | | | 8 | 2 | 10 | 5 | 1 | 1 | 1 | 8 | 1 | | | | | | | | | | | | | | | | 8 | 3 | 12 |
| ...ers Unaided | | | | | | | | | | | | - | 0 | 0 | 0 | 0 | 1 | 1 | 0 | 0 | 0 | | | | | | | | | | | | | | | | 1 | 1 | 1 |
| ...neral | | | | | | | | | | | | | 1 | 0 | 1 | 5 | 1 | 6 | 2 | 2 | 4 | | | | | | | | | | | | | | | | 1 | 3 | 11 |
| ... | | | | | | | | | | | | | 3 | 0 | 2 | 8 | 3 | 8 | 7 | 4 | 11 | | | | | | | | | | | | | | | | 9 | 7 | 16 |
| ... | | | | | | | | | | | | | 0 | 8 | 0 | 0 | 0 | 0 | 8 | 8 | 8 | | | | | | | | | | | | | | | | 8 | 0 | 8 |
| OBC(Muslim) | | | | | | | | | | | | | 0 | 0 | 0 | 0 | 8 | 8 | 8 | 0 | 0 | | | | | | | | | | | | | | | | 0 | 0 | 0 |
| OBC(Others) | | | | | | | | | | | | | 3 | 2 | 3 | 3 | 3 | 4 | 3 | 1 | 4 | | | | | | | | | | | | | | | | 7 | 6 | 13 |
| SC | | | | | | | | | | | | | 2 | 0 | 3 | 2 | 2 | 4 | 1 | 1 | 2 | | | | | | | | | | | | | | | | 8 | 3 | 8 |
| ST | | | | | | | | | | | | | 4 | 1 | 5 | 3 | 3 | 8 | 6 | 1 | 1 | | | | | | | | | | | | | | | | 7 | 5 | 12 |
| ...L | | | | | | | | | | | | | 4 | 1 | 5 | 5 | 6 | 11 | 10 | 7 | 18 | | | | | | | | | | | | | | | | 21 | 14 | 30 |
| ...L | | | | | | | | | | | | | 2 | 0 | 2 | 5 | 5 | 10 | 4 | 4 | 8 | | | | | | | | | | | | | | | | 11 | 9 | 20 |
| ...al Medium | | | | | | | | | | | | | 8 | 2 | 8 | 3 | 4 | 7 | 9 | 4 | 13 | | | | | | | | | | | | | | | | 18 | 10 | 28 |
| ...g Medium | | | | | | | | | | | | | 0 | 0 | 0 | 0 | 0 | 0 | 8 | 8 | 8 | | | | | | | | | | | | | | | | 0 | 0 | 0 |
| IEDC | | | | | | | | | | | | | 0 | 0 | 0 | 1 | 1 | 2 | 1 | 0 | 1 | | | | | | | | | | | | | | | | 2 | 1 | 3 |
| Other State students | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | | |

Sign:

Name of HM/ Principal:

Contact No:

SARAMMA CHACKO
Headmistress
U.P. School
Othera West, Pen No. 603575

OTHERA WEST

# ആമുഖം

പടിഞ്ഞാറ്റോതറയെന്ന കൊച്ചുഗ്രാമത്തിന്റെ ഹൃദയത്തുടിപ്പായി, വിജ്ഞാനത്തിന്റെ പുതുവെളിച്ചമായി എന്നും മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്ന വിദ്യാലയമാണ് യുപി സ്കൂൾ ഓതറ. മലങ്കര കത്തോലിക്കാ സഭയിലെ തിരുവല്ല അതിരൂപതയുടെ ആഭിമുഖ്യത്തിൽ ഈ സ്കൂൾ പ്രവർത്തിക്കുന്നു.

1936-ൽ പടിഞ്ഞാറേപ്പുരയ്ക്കൽ കൊച്ചുപാപ്പി എന്നറിയപ്പെടുന്ന ശ്രീ. പി.സി. ചാക്കോയുടെ നേതൃത്വത്തിൽ, അദ്ദേഹത്തിന്റെ സ്വന്തം സ്ഥലത്ത് റൂറൽ ഡെവലപ്മെന്റ് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനമായി ആരംഭിച്ചതാണ് തോട്ടത്തിൽ സ്കൂൾ എന്നറിയപ്പെടുന്ന ഈ വിദ്യാലയം. വിദൂരസ്ഥലങ്ങളിൽ പോയി പഠിച്ചിരുന്ന ഓതറയിലെ വിദ്യാർത്ഥികൾക്ക് സ്വന്തം ഗ്രാമത്തിൽ ഒരു സ്കൂൾ എന്ന സ്വപ്നം സാക്ഷാത്കരിക്കുവാൻ ഇത് ഇടയാക്കി. ഓതറയിലെയും സമീപപ്രദേശങ്ങളിലെയും ധാരാളം കുരുന്നുകൾക്ക് അക്ഷരവെളിച്ചം പകർന്നു നല്കിയ ഈ സ്കൂൾ പിന്നീട് തിരുവല്ല അതിരൂപതയുടെ മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ ജോസഫ് മാർ സേവേറിയോസ് തിരുമേനിയുടെ പേരിലേക്ക് കൈമാറ്റം ചെയ്തു. തുടർന്ന് യുപി സ്കൂൾ, ഓതറ 'ലിറ്റിൽ ഫ്ളവർ യുപി സ്കൂൾ, ഓതറ'എന്ന് നാമകരണം ചെയ്യപ്പെട്ടു.

കഴിഞ്ഞ 86 വർഷമായി ഓതറയെന്ന ഗ്രാമത്തിന് അറിവിന്റെ വെളിച്ചം പകർന്നു നല്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൊണ്ടും എൽ.പി., ഹൈസ്കൂൾ ക്ലാസുകൾ ഇല്ലാത്തതിനാലും സമൂഹത്തിന് പ്രൈവറ്റ് സ്കൂളിനോടുള്ള അമിതമായ താത്പര്യവും കാരണം സ്കൂളിൽ കുട്ടികൾ ഗണ്യമായി കുറയുവാൻ ഇടയായി. തദ്ദേശകൂട്ടായ്മയും അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റും ഈ സാഹചര്യം വിലയിരുത്തുകയും കാലഘട്ടത്തിന് യോജിച്ച എല്ലാ സംവിധാനവും ഒരുക്കി സ്കൂൾ നവീകരിക്കുന്നതിന് തീരുമാനമെടുക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി സ്കൂളിൽ പല മാറ്റങ്ങൾ കൊണ്ടുവരുകയും കുട്ടികൾക്ക് സൗകര്യപ്രദമാകുംവിധം കൂടുതൽ സൗകര്യമൊരുക്കി സ്കൂൾ നവീകരിക്കപ്പെടുകയും ചെയ്തു.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടിയ മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക.
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നതിന് അധ്യാപർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
- ICT അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കും.
- മുഴുവൻ ക്ലാസുകളിലെയും ICT സാധ്യത ഉറപ്പുവരുത്തുക.
- പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക.
- ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠനത്തിനും അവസരമൊരുക്കുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.
- വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതികാന്തരീക്ഷം മാറ്റിയെടുക്കുക.
- മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകുംവിധം ലാബുകൾ സജ്ജമാക്കുക.
- ലഘുപഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താത്പര്യം വളർത്തുക.
- ലഹരിവസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
- ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക.
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് എത്തിക്കുക.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരമൊരുക്കുക.
- കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യം ഒരുക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനത്തിലേർപ്പെടുക.
- പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ പഠനപ്രവർത്തനവുമായി ബന്ധിപ്പിക്കുക.
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# വിദ്യാലയം മികവിന്റെ കേന്ദ്രം

1. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

2. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

3. മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

4. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും പരിസ്ഥിതിയെ കാത്ത് സൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ

1. കരട് രൂപരേഖ SRG, PTA, MPTA പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവർ അടങ്ങുന്ന രൂപരേഖ തയ്യാറാക്കൽ.
2. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.
3. പി.ടി.എ. നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ.
4. വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

# നിലവിലെ അവസ്ഥാ വിശകലനം

| അക്കാദമിക തലം | ഭൗതികം | സാമൂഹികം |
| --- | --- | --- |
| 1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്.<br>2. റിസോഴ്സ് അധ്യാപകർ ബിആർസിയിൽ നിന്ന് വരുന്നുണ്ട്.<br>3. ഭിന്നനിലവാരക്കാരെ പരിഗണിച്ചുകൊണ്ടുള്ള ഇടപെടൽ ബിആർസിയിൽ നിന്ന് ലഭ്യമാക്കുന്നു.<br>4. ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്.<br>5. ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു.<br>6. പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്നു.<br>7. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ്ബ് പ്രവർത്തനങ്ങൾ മാറുന്നു.<br>8. ICT, Project എന്നിവ പഠനപ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നു. | 1. ഭൂമിശാസ്ത്രപരമായ ഘടന.<br>2. ആധുനിക രീതിയിലുള്ള ടോയ്‌ലറ്റുകൾ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും.<br>3. പെൺകുട്ടികൾക്കായി ഇൻസിനേറ്റർ സംവിധാനം.<br>4. ആധുനിക രീതിയിലുള്ള കിച്ചൺ, ഡൈനിംഗ് റൂം.<br>5. എല്ലാ ക്ലാസ്സിലും വൈറ്റ് ബോർഡ്.<br>6. വിശാലമായ കളിസ്ഥലം. | 1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ, സാമൂഹ്യപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ബിആർസി നൽകിവരുന്നു.<br>2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമപരിരക്ഷയെക്കുറിച്ച് ധാരണയുണ്ട്.<br>3. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നു.<br>4. പ്രാദേശിക വിഭവപാടവമുള്ള പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നു.<br>5. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിപ്പിക്കുന്നു. |

# മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ഗേറ്റ് | പി.ടി.എ. ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | കളിസ്ഥലം | വിദ്യാലയ വികസനസമിതി |
| ഇംഗ്ലീഷ് പഠന പരിപോഷണം | ക്ലാസ്സ് മുറികൾ | പൂർവ്വവിദ്യാർഥി സംഘടനയുടെ പ്രവർത്തനം |
| വായനാ പരിപോഷണം | ഓഫീസ് മുറി | ക്ലാസ്സ് പി.ടി.എ. മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| ലൈബ്രറി ശാക്തീകരണം | സ്റ്റാഫ് മുറി | വിദ്യാലയ മികവുകൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ |
| നാടകക്കളരി | മൾട്ടിമീഡിയ റൂം | പ്രാദേശിക പി.ടി.എ. |
| സാഹിത്യപോഷണ പരിപാടികൾ | അടുക്കള | ഭവനസന്ദർശനം |
| പഠനയാത്രകൾ | ഡൈനിംഗ് ഹാൾ | |
| സെമിനാറുകൾ | കുടിവെള്ള വിതരണം | |
| കലാ-കായികമേള | മാലിന്യസംസ്കരണം | |
| ഐ.ടി. പരിശീലനം | ടോയ്‌ലറ്റ് | |
| ക്ലാസ് പി.ടി.എ. സജീവമാക്കൽ | ഭാഷോത്സവം | |
| പ്രവൃത്തിപരിചയ പഠനം | ഗണിതോത്സവം | |
| എസ്.ആർ.ജി. ശാക്തീകരണം | | |
| പച്ചക്കറിത്തോട്ടം | | |
| മെഡിക്കൽ ക്യാമ്പ് | | |
| പോഷകാഹാര പരിപാടി | | |
| ഗണിതലാബ് | | |
| ഭാഷാലാബ് | | |
| ദിനാചരണം | | |
| കായികപഠനം | | |

# പഠന പിന്തുണ പ്രവർത്തനങ്ങൾ (2025-26)

## മലയാളം

**വ്യക്തിഗത ശ്രദ്ധ:** ഓരോ കുട്ടിയുടെയും പഠന നിലവാരം, താല്പര്യങ്ങൾ, പഠന രീതികൾ എന്നിവ മനസ്സിലാക്കി വ്യക്തിഗതമായ പഠന പിന്തുണ നൽകുന്നു.

**അക്ഷരവും വാക്കുകളും പരിചയപ്പെടുത്തൽ:** ചിത്രങ്ങളുടെ സഹായത്തോടെയും കളികളിലൂടെയും പരിചയപ്പെടുത്തുന്നു.

**വായനാ പരിശീലനം:** ലളിതമായ കഥാപുസ്തകങ്ങൾ, ചിത്രക്കഥകൾ, ചെറിയ പത്രവാർത്തകൾ എന്നിവ വായിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. ഉറക്കെ വായിക്കാനും വായിച്ച ഭാഗങ്ങൾ സ്വന്തം വാക്കുകളിൽ പറയാനും അവസരം കൊടുക്കുന്നു.

**എഴുത്ത് പരിശീലനം:** അക്ഷരങ്ങൾ, വാക്കുകൾ, ലളിതമായ വാക്യങ്ങൾ എന്നിവ എഴുതാൻ പരിശീലനം നൽകുന്നു.

**കളികളിലൂടെ പഠനം:** അക്ഷരങ്ങളെയും വാക്കുകളെയും ബന്ധിപ്പിക്കുന്ന കളികൾ, പാട്ടുകൾ, അഭിനയങ്ങൾ ഇവ പ്രോത്സാഹിപ്പിക്കുന്നു.

### 2. മാനസികവും സാമൂഹികവുമായ പിന്തുണ:

ആത്മവിശ്വാസം വളർത്തുക: ചെറിയ വിജയങ്ങളെ അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

**പേടി മാറ്റുക:** തെറ്റുകൾ തിരുത്താൻ സഹായിക്കുകയും പഠനത്തോടുള്ള ഭയം ഒഴിവാക്കുകയും ചെയ്യുന്നു.

**കൂട്ടായ്മ പഠനം:** കൂട്ടുകാരുമായി ചേർന്ന് പഠിക്കാനും പരസ്പരം സഹായിക്കാനും അവസരം കൊടുക്കുന്നു.

**രക്ഷകർത്താക്കളുടെ പങ്കാളിത്തം:** രക്ഷിതാക്കൾക്ക് കുട്ടികളുടെ പഠനത്തെക്കുറിച്ച് ബോധവൽക്കരണം നല്കുന്നു.

**മോട്ടിവേഷൻ ക്ലാസുകൾ:** കുട്ടികൾക്ക് പഠനത്തിൽ താല്പര്യമുണ്ടാക്കാൻ മോട്ടിവേഷൻ ക്ലാസ്സുകൾ കൊടുക്കുന്നു.

**തുടർ പ്രവർത്തനങ്ങൾ:** ക്ലാസ് മുറിയിൽ പഠിപ്പിച്ച വിഷയങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിക്കാനും ചർച്ച ചെയ്യാനും അവതരിപ്പിക്കാനും അവസരം കൊടുക്കുന്നു.

## ഇംഗ്ലീഷ്

### 1. കേൾവിക്ക് പ്രാധാന്യം നൽകു (Focus on Listening)

**ലളിതമായ സംഭാഷണങ്ങൾ:** ഇംഗ്ലീഷിലുള്ള ലളിതമായ സംഭാഷണങ്ങൾ കേൾക്കാൻ പ്രോത്സാഹിപ്പിക്കുന്നു. കുട്ടികൾക്ക് മനസ്സിലാക്കാവുന്ന തരത്തിലുള്ള കാർട്ടൂണുകൾ, കുട്ടികളുടെ കഥകൾ, പാട്ടുകൾ എന്നിവ കേൾപ്പിക്കുക.

**ആശയവിനിമയം:** ക്ലാസ് മുറിയിൽ ഇംഗ്ലീഷിൽ ലളിതമായ നിർദ്ദേശങ്ങൾ നൽകുകയും അതിനോട് പ്രതികരിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

## 2. സംസാരം പ്രോത്സാഹിപ്പിക്കുക (Encouraging Speaking)

**ലളിതമായ സംഭാഷണങ്ങൾ:** കുട്ടികൾക്ക് ലളിതമായ വാക്കുകളിലും വാക്യങ്ങളിലും സംസാരിക്കാൻ അവസരം കൊടുക്കുന്നു. eg: സ്വയം പരിചയപ്പെടുത്തൽ, നിറം, ഭക്ഷണം എന്നിവയെക്കുറിച്ച് സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുന്നു.

**ചിത്രങ്ങൾ ഉപയോഗിച്ചുള്ള സംഭാഷണം:** ചിത്രങ്ങൾ കാണിച്ച് അതിനെക്കുറിച്ച് ഇംഗ്ലീഷിൽ പറയാൻ ആവശ്യപ്പെടുന്നു.

## 3. വായനാശേഷി വർദ്ധിപ്പിക്കുക (Improving Reading Skills)

**ലളിതമായ പുസ്തകങ്ങൾ:** നിറമുള്ള ചിത്രങ്ങളുള്ള ലളിതമായ ഇംഗ്ലീഷ് കഥാപുസ്തകങ്ങൾ വായിക്കാൻ നൽകുക.

**ഉച്ചത്തിലുള്ള വായന (Read aloud):** അധ്യാപകനോ രക്ഷിതാവോ പുസ്തകങ്ങൾ ഉച്ചത്തിൽ വായിക്കുകയും കുട്ടികളോട് ആവർത്തിച്ച് ആവർത്തിച്ച് വായിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.

## 4. എഴുത്ത് കഴിവ് മെച്ചപ്പെടുത്തുക (Enhancing writing skills)

**എഴുത്ത് പരിശീലനം:** അക്ഷരങ്ങൾ എഴുതാനും വാക്കുകൾ പകർത്തിയെഴുതാനും ലളിതമായ വാക്യങ്ങൾ എഴുതാനും പരിശീലനം നൽകുന്നു.

**ചിത്രങ്ങളെക്കുറിച്ച് എഴുതുക:** ചിത്രങ്ങൾ കാണിച്ച് അതിനെക്കുറിച്ച് 2-3 വാക്യങ്ങളിൽ ഇംഗ്ലീഷിൽ എഴുതാൻ ആവശ്യപ്പെടുന്നു.

**ശബ്ദാനുകരണം:** കേട്ട് എഴുതാൻ പഠിപ്പിക്കുക. Dictation ഇത് അക്ഷരത്തെറ്റുകൾ കുറയ്ക്കാൻ സഹായിക്കുന്നു.

# കണക്ക്

**1. അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുക:** കണക്കിലെ അടിസ്ഥാന ആശയങ്ങളായ കൂട്ടൽ, കുറയ്ക്കൽ, ഗുണനം, ഹരണം എന്നിവ കുട്ടികൾക്ക് നല്ല ധാരണ ഉണ്ടെന്ന് ഉറപ്പാക്കുന്നു.

**ദൈനംദിന ജീവിതത്തിൽ കണക്ക്:** സാധനങ്ങൾ വാങ്ങുമ്പോൾ, പാചകം ചെയ്യുമ്പോൾ, സമയം നോക്കുമ്പോൾ എന്നിങ്ങനെയുള്ള ദൈനംദിന സാഹചര്യങ്ങളിൽ കണക്ക് എങ്ങനെ ഉപയോഗിക്കാമെന്ന് കുട്ടികകളെ പഠിപ്പിക്കുന്നു.

**വ്യക്തിഗത ശ്രദ്ധ കൊടുക്കുന്നു:** കുട്ടിയുടെ ശക്തിയും ദൗർബല്യവും തിരിച്ചറിഞ്ഞ് ഒരോ കുട്ടിക്കും അവരുടെ പഠനരീതിയും വെല്ലുവിളിയും തിരിച്ചറിഞ്ഞ് അതനുസരിച്ച് പഠനരീതി ക്രമീകരിക്കുന്നു.

**ചെറിയ ഗ്രൂപ്പുകളായി പഠിപ്പിക്കുന്നു:** സമാനമായ പ്രശ്നങ്ങളുള്ള കുട്ടികളെ ഒരുമിച്ച് ചേർത്ത് പഠിപ്പിക്കുന്നു.

**ദൃശ്യവൽക്കരണം:** ചിത്രങ്ങൾ, ഗ്രാഫുകൾ, ഡയഗ്രാമുകൾ എന്നിവ ഉപയോഗിച്ച് കണക്ക് ആശയങ്ങൾ വിശദീകരിക്കുന്നു.

**ടെക്നോളജിയുടെ ഉപയോഗം:** ICT സഹായത്തോടെ കണക്ക് പഠിപ്പിക്കുന്നു.

## സോഷ്യൽ സയൻസ്

▸ ചരിത്രപരമായ സംഭവങ്ങൾ കഥകളിലൂടെ പഠിപ്പിക്കുന്നു.

▸ മാപ്പുകളും ഗ്രാഫുകളും ഉപയോഗിക്കുന്നു.

**പ്രോജക്ട് പഠനം**: കുട്ടികൾക്ക് താൽപര്യമുള്ള സാമൂഹിക വിഷയങ്ങളിൽ പ്രോജക്ടുകൾ ചെയ്യാൻ അവസരം കൊടുക്കുന്നു.

**ചർച്ചകളും സംവാദങ്ങളും:** ക്ലാസ് മുറിയിൽ സാമൂഹിക വിഷയങ്ങളെക്കുറിച്ച് ചർച്ചകളും സംവാദങ്ങളും സംഘടിപ്പിക്കുക.

▸ കുട്ടികൾക്ക് സ്വന്തം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനുള്ള അവസരം നൽകുന്നു.

**സോഷ്യൽ സയൻസ് ക്ലബ്ബ്:** ക്ലബ്ബിൽ ക്വിസ് മത്സരങ്ങൾ, പോസ്റ്റർ നിർമ്മാണം, ചുവർ പത്രികകൾ, റാലികൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു.

## ഹിന്ദി

**വായന കാർഡുകൾ**
ഹിന്ദിയിൽ വായനാകാർഡുകൾ തയ്യാറാക്കി നൽകുന്നത് കുട്ടികളെ പരിചയപ്പെടുത്തുന്നു.

**നിഘണ്ടു ആപ്ലിക്കേഷനുകൾ**
വാക്കുകളുടെ അർത്ഥം മനസ്സിലാക്കാനും ഉച്ചാരണം മനസ്സിലാക്കാനും സഹായിക്കുന്നു.

▸ ഹിന്ദിയിൽ പാട്ടുകൾ, കളികൾ, പോസ്റ്റർ രചന തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അവസരം കൊടുക്കുന്നു.

▸ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രീ-ടെസ്റ്റ് നടത്തുന്നു.

▸ പാഠഭാഗങ്ങളിലെ പഠനപ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ആക്ടിവിറ്റി ബുക്ക്ലെറ്റ് കുട്ടികൾക്ക് നൽകുന്നു.

▸ ICT സഹായത്തോടെ ദൃശ്യപാഠങ്ങൾ ഉപയോഗിച്ച് ആശയങ്ങൾ.

**എഴുത്ത് പരിശീലനം:** ലേഖനശേഷി വികസിപ്പിക്കാൻ എഡിറ്റിംഗ് പ്രവർത്തനങ്ങൾ വ്യത്യസ്ത മാതൃകകൾ പരിചയപ്പെടുത്തിക്കൊടുക്കുന്നു.

▸ മാതൃകചോദ്യങ്ങളും അവയുടെ വിലയിരുത്തൽ സൂചകങ്ങൾ വിശദീകരിക്കുകയും ചെയ്യുന്നു.

▸ കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പുവരുത്തുന്നു.

## അടിസ്ഥാനശാസ്ത്രം

**1. വ്യക്തിഗത ശ്രദ്ധയും പഠനസഹായവും**
**ചെറിയ ഗ്രൂപ്പുകൾ:** ക്ലാസ് സമയത്ത് തന്നെ ചെറിയ ഗ്രൂപ്പുകളായി തിരിച്ച് പ്രത്യേക ശ്രദ്ധ നൽകുന്നു.

▸ വ്യക്തിഗത പാഠ്യപദ്ധതി ഓരോ കുട്ടിക്കും അവരുടെ പഠനനിലവാരത്തിനനുസരിച്ച് പ്രത്യേക പ്രവർത്തനങ്ങൾ നൽകുന്നു.

**ആവർത്തിച്ചുള്ള പരിശീലനം:** മനസ്സിലാക്കാൻ പ്രയാസമുള്ള വിഷയങ്ങൾ വീണ്ടും വീണ്ടും ലളിതമായ രീതിയിൽ പഠിപ്പിക്കുകയും ആവർത്തിച്ച് പരിശീലനം നൽകുകയും ചെയ്യുന്നു.

**2. പ്രായോഗിക പഠനരീതികൾ**
**പരീക്ഷണങ്ങൾ:** ലളിതമായ ശാസ്ത്ര പരീക്ഷണങ്ങൾ ക്ലാസ്മുറികളിൽ ചെയ്യാനുള്ള അവസരം നൽകുന്നു.

**പ്രോജക്റ്റുകൾ:** ലളിതമായ ശാസ്ത്ര പ്രോജക്റ്റുകൾ നൽകി പിന്നോക്കം നിൽക്കുന്നവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നു.

**മോഡലുകൾ:** പഠിച്ച ആശയങ്ങളെ അടിസ്ഥാനമാക്കി മോഡലുകൾ ഉണ്ടാക്കാൻ പ്രോത്സാഹനം നൽകുന്നു.

**ഫീൽഡ്ട്രിപ്പുകൾ:** പാഠഭാഗത്തിനനുയോജ്യമായ സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് ക്രമീകരിക്കുന്നു.

**3. താൽപ്പര്യം വളർത്തുന്ന പ്രവർത്തനങ്ങൾ**
**കളികളിലൂടെയുള്ള പഠനം:** ശാസ്ത്ര ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗെയിമുകൾ, ശാസ്ത്രക്വിസ്, പസിലുകൾ തുടങ്ങിയവ.

**വീഡിയോകളും ആനിമേഷനുകളും:** സങ്കീർണ്ണമായ ശാസ്ത്ര ആശയങ്ങൾ വ്യക്തമാക്കാൻ വിദ്യാഭ്യാസപരമായ വീഡിയോകളും ആനിമേഷൻ ചിത്രീകരണങ്ങളും ഉപയോഗിക്കുന്നു.

**ശാസ്ത്ര പുസ്തകങ്ങൾ:** വായിക്കാനും അവ കേൾക്കാനുമുള്ള അവസരം കൊടുക്കുന്നു.

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം** മേഖല: **ലൈബ്രറി**

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനം | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പുസ്തകത്തിന്റെ കുറവ്. | പുസ്തകശേഖരണം (ഒരു കുട്ടിയുടെ വീട്ടിൽ നിന്ന് ഒരു പുസ്തകം) പിറന്നാളിന് ഒരു പുസ്തകം | 3 മാസം | 25,000 | പി.ടി.എ. പൂർവ്വവി ദ്യാർത്ഥികൾ |
| പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള അലമാരയുടെ കുറവ്. | സ്പോൺസർഷിപ്പിലൂടെ സംവിധാനമൊരുക്കൽ | 2 മാസം | | |
| ക്ലാസ് ലൈബ്രറി ആകർഷകമല്ല. | മികച്ച ക്ലാസ് ലൈബ്രറി കണ്ടെത്തൽ. പുസ്തക ങ്ങൾ വിതരണം ചെയ്യുന്ന രീതി നോക്കി. ക്ലാസിലെ അലമാരക്ക് ഡോർ വയ്ക്കൽ. | 1 വർഷം | 1,36,000 | പൂർവ്വവി ദ്യാർത്ഥികൾ |
| 100 ശതമാനം കുട്ടി കൾ ലൈബ്രറിയിൽ നിന്ന് പുസ്തകങ്ങ ളെടുത്ത് വായിക്കു ന്നില്ല. | ▸ തുറന്ന ലൈബ്രറി<br>▸ പുസ്തകക്കുറിപ്പ് തയ്യാറാക്കൽ<br>▸ മാസത്തിലൊരിക്കൽ ചർച്ച<br>▸ ആഴ്ച്ചയിലൊരു ദിവസം അസംബ്ലിയിൽ പുസ്തകം വായിക്കൽ | | 10,000 | അധ്യാപകർ കുട്ടികൾ രക്ഷിതാക്കൾ |
| എല്ലാ രക്ഷിതാക്കളും ലൈബ്രറിയിൽ അംഗങ്ങളല്ല. | കുട്ടികൾ വഴി രക്ഷിതാക്കൾക്ക് പുസ്തകമെത്തിക്കൽ | | | |
| പുസ്തകങ്ങൾ വാങ്ങാനുള്ള സാമ്പ ത്തികം വേണ്ടത്ര ലഭിക്കുന്നില്ല. | പുസ്തക പ്രസാദകരിൽ അംഗത്വമെടുക്കൽ ഒരു വർഷം നിശ്ചിത ശത മാനം തുകയ്ക്ക് പുസ്തകം ലഭിക്കുന്ന പദ്ധതി | | അംഗത്വ ഫീസ് 5000, 10000, 25000 എന്നിങ്ങനെ പദ്ധതി അനുസരിച്ച് | PTA, SRG, Staff etc. |

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം** മേഖല: **കലാപഠനം**

| **പ്രശ്നങ്ങൾ** | **പരിഹാരപ്രവർത്തനം** | **കാലം** | **സാമ്പത്തികം** | **ഏജൻസി** |
|---|---|---|---|---|
| കലാപഠനത്തിൽ വേണ്ടത്ര സമയം ലഭിക്കുന്നില്ല. | ഒഴിവുദിവസങ്ങളിൽ കുട്ടികൾക്കായി ക്യാമ്പ് സംഘടിപ്പിക്കുന്നു. അഭിരുചിയുള്ള കുട്ടി കളെ കണ്ടെത്തി പ്രത്യേക പരിശീലനം ചെയ്യുക. | അധ്യായന വർഷാരംഭം മുതൽ | | വിദ്യാരംഗം |
| പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവം. | ഈ മേഖലയിൽ പരിശീലനം ലഭിച്ച അധ്യാപകരെ കൊണ്ടു വന്ന് ക്ലാസ് സംഘടിപ്പിക്കുന്നു. | അധ്യായന വർഷാരംഭം മുതൽ | | വിദ്യാരംഗം |
| കലാപഠനത്തിന് ആവശ്യമായ ഉപകര ണങ്ങളുടെ കുറവ്. | വിവിധ കലാരൂപങ്ങളുടെ വേഷവിധാനങ്ങൾ, ഉപകരണങ്ങൾ എന്നിവ പരിചയപ്പെടാനും കാണാനുമുള്ള അവസര ങ്ങൾ നൽകുന്നു. | അധ്യായന വർഷാരംഭം മുതൽ | | വിദ്യാരംഗം |
| കലാപരമായ കഴിവ് വികസിപ്പിക്കുന്നിത്. | ആഴ്ചയിൽ ഒരു ദിവസം സാഹിത്യസമാജം സംഘടിപ്പിക്കുന്നു. കുട്ടികൾക്ക് നാടക പരി ശീലനം നൽകുക. നാടൻ കലകളിൽ പ്രാവീണ്യം നേടിയവരെ പരിചയപ്പെടുത്തുന്നു. | അധ്യായന വർഷാരംഭം മുതൽ | | വിദ്യാരംഗം, പി.ടി.എ. |

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം** മേഖല: **പ്രവൃത്തിപരിചയം**

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനം | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കുട്ടികൾക്ക് പരിശീലനത്തിന്റെ അഭാവം | പരിശീലനത്തിനാവശ്യമായ സ്ഥിരം അധ്യാപകരെ നിയമിക്കൽ. പ്രാദേശികമായി ലഭ്യമായ കലാകാരന്മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക. | | | |
| പ്രാദേശികമായി പരിശീലകരെ ലഭിക്കുന്നില്ല | പ്രവൃത്തിപരിചയ മേഖലയിൽ കഴിവുള്ള പ്രാദേശിമായ വ്യക്തികളുടെ വിവരശേഖരണം. അവരെ ചേർത്തുള്ള റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കൽ. | | | |
| തുടർ പരിശീലനത്തിന്റെ അഭാവം | പിടിഎ, എസ്ആർജി എന്നിവരുടെ നേതൃത്വത്തിൽ ഹ്രസ്വകാല അടിസ്ഥാനത്തിൽ പരിശീലകരെ കണ്ടെത്തി പരിശീലനം നൽകുക. | | | We ക്ലബ്ബ് |
| കലാകായിക പ്രവർത്തനങ്ങളിൽ കുട്ടികളുടെ അഭിരുചി തിരിച്ചറിയാൻ കഴിയുന്നില്ല. | തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവശ്യമായ പരിശീനങ്ങൾ നൽകുകയും ചെയ്യുക. | | | പി.ടി.എ., എസ്.ആർ.ജി. |
| അസംസ്കൃത വസ്തുക്കളുടെ അഭാവം. | പ്രകൃതി വിഭവങ്ങളുടെ ശേഖരണം പ്രവൃത്തിപരിചയ ലാബ് തയ്യാറാക്കുക | | | പി.ടി.എ., എസ്.എസ്.ജി. |
| സ്കൂൾ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയുന്നില്ല. | അവശ്യവസ്തുക്കളുടെ നിർമ്മാണകളരി സംഘടിപ്പിക്കുക. | | | പി.ടി.എ., പൂർവ്വവിദ്യാർത്ഥികൾ പി.ടി.എ. |

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം** മേഖല: **ആരോഗ്യകായികം**

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനം | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കുട്ടികളിൽ കായികക്ഷമതയുടെ കുറവ് | കായികക്ഷമതയുള്ള കുട്ടികളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക. സ്പോർട്സ് ക്യാമ്പുകൾ സംഘടിപ്പിക്കുക. പ്രദേശത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക. | അധ്യായന വർഷാരംഭം മുതൽ | | |
| സ്പോർട്സ് ഉപകരണങ്ങളുടെ അഭാവം. | കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണം ലഭ്യമാക്കുക. സ്പോർട്സ് അക്കാദമിക രൂപീകരിക്കൽ. | | | തദ്ദേശസ്വയംഭരണ സ്ഥാപനം, സ്റ്റാഫ്, പി.ടി.എ. |
| കുട്ടികൾക്ക് താത്പര്യമുള്ള കായിക ഇനങ്ങൾ തെരഞ്ഞെടുക്കാൻ അവസരം ലഭിക്കുന്നില്ല. | കായികപ്രതിഭാ പദ്ധതി താത്പര്യമുള്ള ഇനങ്ങളിൽ വിദഗ്ധ പരിശീലനം | അധ്യായന വർഷാരംഭം മുതൽ | 12,000 | |
| കായികതാരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. | കായികപ്രതിഭകളെ ആദരിക്കൽ | | 2000 | പി.ടി.എ. |
| കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയാൻ അവസരമില്ല. | വൈദ്യപരിശോധന ആരോഗ്യക്ലാസുകൾ സിഡി പ്രദർശനം സീസണൽ രോഗങ്ങളെക്കുറിച്ച് ബോധവത്കരണം | അധ്യായന വർഷാരംഭം മുതൽ | 5000 | ഹെൽത്ത് ക്ലബ്ബ് |
| ശരിയായ ഭക്ഷണശീലത്തെക്കുറിച്ചുള്ള അറിവില്ലായ്മ. | ആരോഗ്യക്ലാസുകൾ അടുക്കളത്തോട്ടം | | | |
| പ്രഥമ ശുശ്രൂഷയെക്കുറിച്ചുള്ള ധാരണക്കുറവ്. | വിദഗ്ധരുടെ ക്ലാസുകൾ സിഡി പ്രദർശനം കിറ്റ് സൗകര്യം ലഭ്യമാക്കൽ | | | |

# സ്കൂൾ കലണ്ടർ - ജൂൺ

| തീയതി | പ്രത്യേകത | പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|---|---|
| 2/6/2025 | സ്കൂൾ പ്രവേശനോത്സവം | പുതിയ അധ്യയനവർഷം ആരംഭിക്കുന്നു. കുട്ടികളെ മെഴുകുതിരിയും മധുരവും നല്കി വരവേൽക്കുന്നു. | |
| 3/6/2025 | ക്ലാസ് റൂം ക്രമീകരണം | ഓരോ ക്ലാസിലെയും പാഠ പുസ്തകവിതരണം, ഇരിപ്പി ടങ്ങൾ ക്രമീകരിക്കൽ. | |
| 4/6/2025 | പുതിയ പാഠഭാഗങ്ങൾ ആരംഭിക്കുന്നു | അടിസ്ഥാനപരമായ വിഷയ ങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ച് ക്ലാസുകൾ ആരംഭിക്കുന്നു. | |
| 5/6/2025 | ലോക പരിസ്ഥിതി ദിനം | പരിസ്ഥിതിദിനാചരണ ത്തിന്റെ ഭാഗമായി മരങ്ങൾ നടുന്നു. പ്രതിജ്ഞ, പോസ്റ്റർ, ക്വിസ്, ബോധവ ത്കരണം. | |
| 6/6/2025 | പത്രവായന പ്രോത്സാ ഹനം | ഉച്ചസമയത്തെ ഇടവേ ളയ്ക്ക് മൈക്കിൽ കൂടി ഓരോ ദിവസത്തെയും പ്രധാനവാർത്തകൾ കുട്ടി കളെ കൊണ്ട് വായിപ്പിക്കു ന്നു. | |
| 9/6/2025 | പഠനാനുബന്ധ പ്രവർത്ത നങ്ങൾ | ലളിതമായ കളികളിലൂ ടെയും പാട്ടുകളിലൂടെയും പഠനം രസകരമാക്കുന്നു. | |
| 10/6/2025 | ആരോഗ്യബോധവൽക്ക രണ ക്ലാസ് | ആരോഗ്യകരമായ ജീവിത ശൈലിയെക്കുറിച്ച് ബോധ വൽക്കരണം. | |
| 11/6/2025 | ഗണിത ക്ലബ് രൂപീകരണം | ഗണിതത്തോടുള്ള താല്പര്യം വർദ്ധിപ്പിക്കാൻ പുതിയ പ്രവർത്തനങ്ങൾ. | |
| 12/6/2025 | ലീഡർ തെരഞ്ഞെടുപ്പ് | കുട്ടികളുടെ പങ്കാളിത്തം ഉറ പ്പാക്കുന്നു. | |
| 13/6/2025 | സർഗവേള | കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രോത്സാഹിപ്പി ക്കുന്നു. | |

| തീയതി | പ്രത്യേകത | പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|---|---|
| 16/6/2025 | കായിക പരിശീലനം ആരംഭിക്കുന്നു | കായിക ഇനങ്ങളിൽ താല്പര്യമുള്ളവർക്ക് പരിശീലനം നൽകുന്നു. | |
| 17/6/25 | ശാസ്ത്രക്ലബ്ബ് പ്രവർത്തനങ്ങൾ | ലളിതമായ പരീക്ഷണങ്ങളിലൂടെ ശാസ്ത്ര താല്പര്യം വളർത്തുന്നു. | |
| 18/6/25 | പ്രസംഗ പരിശീലനം | കുട്ടികളുടെ സംഭാഷണ ശേഷി വളർത്തുന്നു | |
| 19/6/25 | വായനാദിനം | പുസ്തകവായനയുടെ പ്രാധാന്യം ഓർമ്മിപ്പിക്കുന്നു. വായനാദിന പ്രതിജ്ഞ, ബോധവത്കരണ ക്ലാസ്, ക്വിസ് | |
| 20/6/25 | കൈയെഴുത്ത് | ഇംഗ്ലീഷ്, ഹിന്ദി കൈയെഴുത്തുകൾ | |
| 21/6/25 | അന്താരാഷ്ട്ര യോഗദിനം | | |
| 23/6/25 | | യോഗദിനാചരണത്തിന്റെ ഭാഗമായി യോഗാഭ്യാസങ്ങൾ. | |
| 24/6/25 | കലാപരിപാടികൾക്ക് തുടക്കം | വിവിധ കലാപരിപാടികൾക്ക് വേണ്ടി പരിശീലനം ആരംഭിക്കുന്നു. | |
| 25/6/25 | ക്വിസ് മത്സരം | പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നു | |
| 26/6/25 | ലഹരിവിരുദ്ധ ദിനം | ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണം. | |
| 27/6/25 | രക്ഷിതാക്കളുമായുള്ള ആദ്യ കൂടിക്കാഴ്ച | കുട്ടികളുടെ പഠന പുരോഗതിയെക്കുറിച്ച് ചർച്ച ചെയ്യുന്നു. | |
| 30/6/25 | മാസാവസാന വിലയിരുത്തൽ. വായനപക്ഷാചരണം പിടിഎ മീറ്റിംഗ് തെരഞ്ഞെടുപ്പ് | ജൂൺ മാസത്തിലെ പഠന പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. | |

# സ്കൂൾ കലണ്ടർ - ജൂലൈ

| തീയതി | പ്രത്യേകത | പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|---|---|
| 1/7/2025 | ഡോക്ടർ ദിനം ജിഎസ്ടി ദിനം | ഡോക്ടർമാരുടെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്യുന്നു. ജിഎസ്ടി എന്താണെന്ന് ലളിതമായി വിശദീകരിക്കുന്നു. | |
| 2/7/2025 | | ഗണിതം: സംഖ്യകൾ പരിചയപ്പെടുത്തൽ | |
| 4/7/2025 | | പരിസ്ഥിതി പഠനം: ചുറ്റുപാടുമുള്ള സസ്യങ്ങളെ നിരീക്ഷിക്കൽ | |
| 5/7/2025 | | ഇംഗ്ലീഷ്: അടിസ്ഥാനവാക്കുകൾ പറയിപ്പിക്കുന്നു | |
| 8/7/2025 | | മലയാളം: അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കൽ | |
| 9/7/2025 | | ഗണിതം: കൂട്ടിച്ചേർക്കൽ ലളിതമായ കണക്കുകൾ | |
| 10/7/2025 | | പരിസ്ഥിതി പഠനം: മൃഗങ്ങളെയും പക്ഷികളെയും ക്കുറിച്ച് സംസാരിക്കുന്നു | |
| 11/7/2025 | ലോക ജനസംഖ്യാ ദിനം | ജനസംഖ്യയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചും ലളിതമായി സംസാരിക്കുന്നു | |
| 12/7/2025 | | ഇംഗ്ലീഷ്: ചെറുവാക്യങ്ങൾ നിർമ്മിക്കാൻ പഠിപ്പിക്കുന്നു | |
| 15/7/2025 | | ഗണിതം: ഹരിക്കൽ ലളിതമായ കണക്കുകൾ | |
| 16/7/2025 | | മലയാളം: അക്ഷരങ്ങൾ ഉപയോഗിച്ച് പുതിയ വാക്കുകൾ ഉണ്ടാക്കാൻ ആവശ്യപ്പെടുന്നു | |

| തീയതി | പ്രത്യേകത | പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|---|---|
| 17/7/2025 | | പരിസ്ഥിതി പഠനം ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച നടത്തുന്നു | |
| 18/7/2025 | നെൽസൺ മണ്ടേല ദിനം | നെൽസൺ മണ്ടേലയുടെ ജീവിതത്തെക്കുറിച്ചും സന്ദേശത്തെക്കുറിച്ചും ലളിതമായി പറയുന്നു | |
| 19/7/2025 | | ഇംഗ്ലീഷ്: സംഭാഷണങ്ങൾ പരിശീലിപ്പിക്കുന്നു | |
| 22/7/2025 | | ഹിന്ദി അക്ഷരങ്ങൾ ഉറപ്പിക്കുന്നു | |
| 23/7/2025 | ദേശീയ പ്രക്ഷേപണ ദിനം | റേഡിയോ, ടെലിവിഷൻ എന്നിവയുടെ പ്രധാന്യത്തെക്കുറിച്ച് ചർച്ച നടത്തുന്നു | |
| 24/7/2025 | | മലയാളം: കഥകൾ വായിപ്പിക്കുകയും ആസ്വദിക്കുകയും ചെയ്യിപ്പിക്കൽ | |
| 25/7/2025 | | പരിസ്ഥിതി പഠനം: കാലാവസ്ഥയും ഋതുക്കളെയുംക്കുറിച്ച് പഠിപ്പിക്കുന്നു | |
| 26/7/2025 | കാർഗിൽ വിജയദിനം | കാർഗിൽ യുദ്ധത്തെക്കുറിച്ചും സൈനികരുടെ ത്യാഗത്തെക്കുറിച്ചും പറയുന്നു | |
| 29/7/2025 | ലോക കടുവദിനം | കടുവകളെക്കുറിച്ചും അവയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ചർച്ച | |
| 30/7/2025 | | ഹിന്ദി അക്ഷരങ്ങൾ എഴുതിപ്പിക്കുന്നു. സ്വന്തം പേര് ഹിന്ദിയിൽ എഴുതാൻ ആവശ്യപ്പെടുന്നു | |
| 31/7/2025 | | മലയാളം കവിതകൾ പാടുകയും ആസ്വദിക്കുകയും ചെയ്യിപ്പിക്കൽ | |

# സ്കൂൾ കലണ്ടർ - ഓഗസ്റ്റ്

| തീയതി | പ്രത്യേകത | പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|---|---|
| 1/8/2025 | ഹയർ സെക്കൻഡറി ഏകദിന ശിൽപശാല | പഠനരീതികൾ മെച്ചപ്പെടുത്തുന്നതിനുള്ള ചർച്ചകളും പരിശീലനവും | |
| 6/8/25 | ഹിരോഷിമ ദിനം | ചിത്രപ്രദർശനം, പ്രസംഗ മത്സരങ്ങൾ, സമാധാന സന്ദേശം പ്രചരിപ്പിക്കുക | |
| 9/8/25 | നാഗസാക്കിദിനം/ക്വിറ്റ് ഇന്ത്യാദിനം | നാഗസാക്കിദിന അനുസ്മരണം. ക്വിറ്റ് ഇന്ത്യാദിനത്തോടനുബന്ധിച്ച് സ്വാതന്ത്ര്യസമര ചരിത്ര ചർച്ചകൾ, പ്രസംഗങ്ങൾ. | |
| 15/8/25 | സ്വാതന്ത്ര്യദിനം | പതാക ഉയർത്തൽ, ദേശഭക്തി ഗാനാലാപനം, പ്രസംഗങ്ങൾ, സ്വാതന്ത്ര്യ സമരസേനാനികളെ അനുസ്മരിക്കൽ. | |
| 19/8/25 | ലോക ഫോട്ടോ ദിനം | ഫോട്ടോ പ്രദർശനം, ഫോട്ടോഗ്രാഫിയുടെ പ്രാധാന്യം വ്യക്തമാക്കുന്ന ക്ലാസുകൾ. | |
| 22/8/25 | ശ്രീനാരായണഗുരു ജയന്തി | ഗുരുദേവന്റെ ദർശനങ്ങളെയും സാമൂഹിക സംഭാവനകളെയുംകുറിച്ച് സെമിനാറുകൾ, പ്രഭാഷണങ്ങൾ. | |
| 29/8/25 | ദേശീയ കായികദിനം (ധ്യാൻചന്ദ് ജന്മദിനം) | കായിക മത്സരങ്ങൾ: കായികരംഗത്തെ പ്രമുഖരെ ആദരിക്കൽ, വ്യായാമത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന ബോധവൽക്കര ക്ലാസുകൾ. | |
| | അവസാനവാരം | ഓണം അവധിയ്ക്ക് മുൻപുള്ള പഠന അവലോകനം. | |

# സ്കൂൾ കലണ്ടർ - സെപ്റ്റംബർ

| തീയതി | പ്രത്യേകത | പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
| --- | --- | --- | --- |
| 8/9/2025 | ലോക സാക്ഷരതാ ദിനം | സാക്ഷരതയുടെ പ്രാധാന്യം പോസ്റ്റർ രചന, പ്രസംഗമത്സരം. | |
| 9/9/2025 | ഓണപ്പരീക്ഷ വിലയിരുത്തൽ | പരീക്ഷപേപ്പർ കുട്ടികളെ കാണിക്കുന്നു, വിലയിരുത്തുന്നു. | |
| 10/9/2025 | ഗ്രൂപ്പ് പ്രവർത്തനങ്ങൾ | ഓരോ വിഷയത്തിന്റെയും പ്രവർത്തനങ്ങൾ ഗ്രൂപ്പായി ചെയ്യിപ്പിക്കുന്നു. | |
| 11/9/2025 | കലാപരിപാടികൾ | കലാപരമായ കഴിവുകൾ വിലയിരുത്തുന്നു. | |
| 12/9/2025 | പുസ്തക വായന, ലൈബ്രറി | വായനാതാത്പര്യം, പുതിയ അറിവുകൾ നേടാനുള്ള കഴിവ് എന്നിവ വിലയിരുത്തുന്നു. | |
| 15/9/2025 | രക്ഷിതാക്കളുമായുള്ള കൂടിക്കാഴ്ച | ഓണപ്പരീക്ഷ ഉത്തരപേപ്പർ രക്ഷിതാക്കളുമായി വിലയിരുത്തൽ | |
| 16/9/2025 | കായിക മത്സരങ്ങൾ | മത്സരത്തിലെ പങ്കാളിത്തം വിജയികളെ തെരഞ്ഞെടുക്കുന്നു. | |
| 17/9/2025 | ഫീൽഡ് ട്രിപ്പ് | പുതിയ സ്ഥലങ്ങളെക്കുറിച്ചുള്ള അറിവ്, നിരീക്ഷണ പാഠവം എന്നിവ വിലയിരുത്തുന്നു. | |
| 18/9/2025 | ഫീൽഡ് ട്രിപ്പിനെപ്പറ്റിയുള്ള പ്രോജക്റ്റ് വർക്ക് | അനുഭവങ്ങൾ പങ്കിടാനുള്ള കഴിവ്, പ്രോജക്റ്റ് നിർമ്മാണം എന്നിവ വിലയിരുത്തുന്നു. | |
| 19/9/2025 | പഠനനിലവാരം വിലയിരുത്തൽ പരീക്ഷ | പഠന പുരോഗതി വിലയിരുത്തുന്നു. | |
| 22/9/2025 | പരീക്ഷ ഫലങ്ങൾ പ്രഖ്യാപനം, അടുത്ത പാഠഭാഗം ആരംഭം. | പരീക്ഷാഫലങ്ങളുടെ അടിസ്ഥാനത്തിൽ പഠനപുരോഗതി വിലയിരുത്തുന്നു. | |

| തീയതി | പ്രത്യേകത | പ്രവർത്തനങ്ങൾ | വിലയിരുത്തൽ |
|---|---|---|---|
| 23/9/2025 | പഠനപ്രവർത്തനങ്ങൾ തുടരുന്നു | ക്ലാസ്മുറിയിലെ പങ്കാളിത്തം വിലയിരുത്തു. | |
| 24/9/2025 | ശാസ്ത്രമേളയ്ക്കുള്ള തയാറെടുപ്പുകൾ | ശാസ്ത്രപരമായ കഴിവുകൾ കണ്ടെത്തുന്നു. | |
| 25/9/2025 | പത്രപ്രവർത്തനം ലേഖനരചന | എഴുതാനുള്ള കഴിവ് ഓവികസിപ്പിക്കുന്നു | |
| 26/9/2025 | കുട്ടികളുടെ നേതൃത്വ പാടവം | നേതൃത്വപാടവം, അഭിപ്രായം പ്രകടിപ്പിക്കാനുള്ള കഴിവ് വളർത്തൽ. | |
| 29/9/2025 | സാധാരണ ക്ലാസ് | പഠനനിലവാരം വിലയിരുത്തൽ | |
| 30/9/2025 | യൂണിറ്റ് പരീക്ഷയ്ക്കുള്ള തയാറെടുപ്പ് | പഠനപുരോഗതി വിലയിരുത്തുന്നു. | |

## പ്രതീക്ഷിത നേട്ടങ്ങൾ

(കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)

- ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

## മോണിട്ടറിംഗ് രീതി

- സോഷ്യൽ മോണിട്ടറിംഗ് രീതി (പി.ടി.എ., എം.പി.ടി.എ., എസ്.ആർ.ജി. എന്നിവരെ ഉൾപ്പെടുത്തി) നടപ്പിലാക്കുന്നു.
- ദൈനംദിന മോണിട്ടറിംഗ് എച്ച്എം, എസ്.ആർ.ജി. കൺവീനർ, പി.ടി.എ. പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്തുന്നു.

## ഉപസംഹാരം

സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹ്യ പുരോഗതയാണ് നാം ലക്ഷ്യം വയ്ക്കുന്നത്. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമികരംഗത്തും സാമൂഹികരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു. ആ നേട്ടങ്ങളുടെ ഒരു ഭാഗമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ.